"ഭരണഭാഷ - മാതൃഭാഷ"

നം.ഐസിഡിഎസ്/എ2-1749/13

സാമൂഹ്യ നീതി ഡയറക്ടറേറ്റ് (അനക്സ്),
സാമൂഹ്യക്ഷേമ ഭവൻ,പൂജപ്പുര,തിരുവനന്തപുരം.
ഫോൺ : 0471-2346508 ഫാക്സ് : 0471-2346534
ഇ-മെയിൽ swdicds@gmail.com
തീയതി : 4.11.2017

# പരിപത്രം

വിഷയം : സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - അങ്കണവാടി ഗുണഭോക്താക്കളുടെ ആധാർ വിവരങ്ങൾ RRS-ൽ രേഖപ്പെടുത്തലുകൾ വരുത്തുന്നത് - നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

സൂചന : കേന്ദ്ര സരക്കാരിന്റെ 13-10-17, 30-10-17 തീയതികളിലെ ME15/9/2015-MZ നമ്പരായുള്ള കത്തുകൾ.

ICDS പദ്ധതിയിൻ കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിലെ ഗുണഭോക്താക്കളുടെ അധാർ വിവരങ്ങൾ നിലവിലെ റാപ്പിഡ് റിപ്പോർട്ടിംഗ് സിസ്റ്റത്തിൽ (RRS) നിശ്ചിത സമയപരിധിക്കുള്ളിൽ അപ്‌ലോഡ് ചെയ്യുന്നതിനായി സൂചന പ്രകാരം കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരിക്കുന്നു. ഇപ്രകാരം ഗുണഭോക്താക്കളുടെ ആധാർ വിവരം RRS-ൽ അപ്‌ലോഡ് ചെയ്തില്ലെങ്കിൽ Central grant-ൽ കുറവു വരുത്തുമെന്നും കേന്ദ്ര സർക്കാർ അറിയിച്ചിരിക്കുകയാണ്. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ RRS-ൽ ആധാർ വിവരങ്ങൾ ചേർക്കുന്നതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർ ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്. ഇതിലേയ്ക്കായി നിശ്ചയിച്ചിട്ടുള്ള തീയതികളിൽ ഒരു കാരണവശാലും മാറ്റം വരുത്തുവാൻ പാടില്ലാത്തതാണ്.

1. അങ്കണവാടികളിലെത്തുന്ന ഗുണഭോക്താക്കളുടെ (0-6കുട്ടികൾ,PW&LM,AG) ആധാർ വിവരങ്ങൾ എല്ലാ സൂപ്പർവൈസർമാരും അവരവരുടെ സെക്ടറിലുള്ള അങ്കണവാടി വർക്കർമാരിൽ നിന്നും **നവംബർ 10-നകം** ശേഖരിക്കേണ്ടതാണ്.

2. എല്ലാ സൂപ്പർവൈസർമാരും RRS സോഫ്റ്റ്വെയർ മുഖേന Create ചെയ്തിട്ടുള്ള User ID-യും Pass word-ഉം ഉപയോഗിച്ച് സൈറ്റ് ലോഗിൻ ചെയ്യേണ്ടതും ആധാർ വിവരങ്ങൾക്കായി അനുവദിച്ചിട്ടുള്ള ലിങ്കിൽ ആധാർ വിവരങ്ങൾ ചേർക്കേണ്ടതുമാണ്. 2017 **നവംബർ മാസം 25-ാം തീയതിയ്ക്കകം** മുഴുവൻ ഗുണഭോക്താക്കളുടെയും ആധാർ വിവരങ്ങൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്.
3. സൂപ്പർവൈസർമാർ മുഴുവൻ ഗുണഭോക്താക്കളുടെയും ആധാർ വിവരങ്ങൾ RRSൽ അപ്‌ലോഡ് ചെയ്തു എന്ന് ശിശു വികസന പദ്ധതി ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതും ആധാർ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുമ്പോൾ ലഭ്യമാകുന്ന ഡാറ്റാഷീറ്റ് ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർക്ക് **നവംബർ 27-ന് മുൻപായി** സമർപ്പിക്കേണ്ടതുമാണ്.
4. പ്രോഗ്രാം ഓഫീസർമാർ ജില്ലകളിലെ RRS പ്രവർത്തനങ്ങൾ വിലയിരു ത്തേണ്ടതും അങ്കണവാടികളിലെ മുഴുവൻ ഗുണഭോക്താക്കളുടേയും ആധാർ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്ന കാര്യം ഉറപ്പുവരുത്തി റിപ്പോർട്ട് അനുബന്ധം (1) ൽ ചേർക്കുന്ന ഫോർമാറ്റിൽ **നവംബർ 30-നകം** ഈകാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.
5. RRS ൽ ഗുണഭോക്താക്കളുടെ ആധാർ ലിങ്ക് ചെയ്യുന്നതിനായി ഓഫീസിലെ കംപ്യൂട്ടർ പര്യാപ്തമല്ലായെങ്കിൽ അങ്കണവാടി ഫ്ളക്സി ഫണ്ടിൽ നിന്നും അങ്കണവാടി ഒന്നിന് 50/-രൂപ ക്രമത്തിൽ ഡാറ്റാ അപ് ലോഡിംഗിനായി തുക ചെലവഴിക്കാവുന്നതാണ്. ഇപ്രകാരം ചെലവഴിക്കുന്ന തുകയുടെ വൗച്ചറുകൾ CDPO-മാർ പ്രത്യേകമായി പരിശോധന നടത്തേണ്ടതാണ്.
6. നവംബർ മാസം ആദ്യവാരത്തിൽ നടക്കുന്ന ജില്ലാതല അവലോകന യോഗങ്ങളിൽ ഈ വിഷയം ആദ്യത്തെ അജണ്ടയായി ഉൾപ്പെടുത്തി പ്രോഗ്രാം ഓഫീസർമാർ മതിയായ നിർദ്ദേശങ്ങൾ CDPO-മാർക്ക് നൽകേണ്ടതാണ്. CDPO-മാർ അപ്‌ലോഡിംഗ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ സൂപ്പർവൈസർമാർക്ക് നൽകേണ്ടതുമാണ്.
7. ഏതെങ്കിലും ഗുണഭോക്താക്കൾക്ക് ആധാർ എടുത്തിട്ടില്ലാത്ത പക്ഷം അങ്കണ വാടി കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് ആധാർ എടുക്കുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതും പ്രസ്തുത ഗുണഭോക്താവിനെ നവാബർ 25 നകം RRSൽ ലിങ്ക് ചെയ്യേണ്ടതുമാണ്.

8. നിലവിലെ MPR പ്രകാരമുള്ള ഗുണഭോക്താക്കളുടെ പേരിനും എണ്ണത്തിനും ആനുപാതികമായിരിക്കണം RRSൽ ആധാർ ലിങ്ക് ചെയ്യുന്ന ഗുണഭോക്താക്കളുടെ വിവരങ്ങൾ.

9. ജില്ലയിലെ RRS-ന്റെ പൂർണ്ണ ഉത്തരവാദിത്വം പ്രോഗ്രാം ഓഫീസർമാരിൽ നിക്ഷിപ്തമാണ്.

ICDS പദ്ധതി പ്രകാരമുള്ള സേവനങ്ങൾ ലഭ്യമാകുന്ന മുഴുവൻ ഗുണഭോക്താക്കൾക്കും ആധാർ നിർബന്ധമാക്കുന്നതിനായി കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുള്ളതിനാൽ ആധാർ ലിങ്ക് ചെയ്തിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണത്തിനനുസരിച്ച് മാത്രമായിരിക്കും കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാകുന്നത്. ആയതിനാൽ വിഷയത്തിന്റെ പ്രാധാന്യം മനസ്സിലാക്കി ആധാർ അപ്‌ലോഡിംഗ് പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ് അപ്‌ലോഡിംഗ് നടക്കാത്ത കാരണത്താൽ കേന്ദ്ര സർക്കാരിൽ നിന്നും മതിയായ ഫണ്ട് ലഭ്യമാകാത്ത സാഹചര്യം ഉണ്ടായാൽ ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ തുല്യ ബാധ്യതയായി കണക്കാക്കുന്നതാണ്.

സാമൂഹ്യനീതിഡയറക്ടർ

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.

എല്ലാ സിഡിപിഒമാർക്കും.

എല്ലാ ഐസിഡിഎസ് സൂപ്പർവൈസർമാർക്കും.

ജികെ/ 3-11-17

## അനുബന്ധം- 1

ജില്ല

| ക്രമ നം | പ്രോജക്ട് | ആകെ ഗുണഭോക്താക്കൾ | | | അപ് ലോഡ് ചെയ്ത ഗുണഭോക്താക്കൾ | | | അഭിപ്രായം |
|---|---|---|---|---|---|---|---|---|
| | | 0-6 കുട്ടികൾ | ഗർഭിണി കളുംമുലയൂട്ടുന്ന അമ്മമാരും | കൗമാരപ്രായക്കാരായ പെൺകുട്ടികൾ | 0-6 കുട്ടികൾ | ഗർഭിണി കളും മുലയൂട്ടുന്ന അമ്മമാരും | കൗമാരപ്രായക്കാരായ പെൺകുട്ടികൾ | |
| | | | | | | | | |
| | ആകെ | | | | | | | |